www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# അഴിമതി തുടച്ചുനീക്കാൻ 'പ്രോജക്ട് സീറോ' കൈക്കൂലി കേസുകൾ ദൃശ്യമാക്കിയാൽ 5,000 രൂപ പാരിതോഷികം



തിരുവനന്തപുരം: അഴിമതിക്കെതിരെ വിജിലൻസിന്റെ മാസ് ആക്ഷൻ പദ്ധതി പ്രഖ്യാപിച്ച് ആഭ്യന്തരവകുപ്പ് മന്ത്രി രമേശ് ചെന്നിത്തല. കേരളത്തെ അഴിമതി മുക്തമാക്കാൻ 'പ്രോജക്ട് സീറോ' എന്ന പേരിൽ വിപുലമായ പദ്ധതിയാണ് ഒരുക്കിയിരിക്കുന്നത്. ഇതിലൂടെ അഴിമതി നടക്കുന്ന ദൃശ്യങ്ങൾ പകർത്തി നൽകുന്ന പൊതുജനങ്ങൾക്ക് 5000 രൂപയുടെ സമ്മാനവും മന്ത്രി വാഗ്ദാനം ചെയ്തിട്ടുണ്ട്. ലഹരിക്കെതിരെ 'ഓപ്പറേഷൻ തൂഫാൻ ദ നാർക്കോഹ്' പ്രഖ്യാപിച്ചതിന് പിന്നാലെയാണ് പുതിയ പദ്ധതി. സർക്കാർ ഓഫീസുകളിലേതുൾപ്പെടെ അഴിമതി പൂർണമായും ഇല്ലാതാക്കുന്നതിനുള്ള സമഗ്ര കർമ്മപദ്ധതിയായാണ് 'പ്രോജക്ട് സീറോ' പ്രഖ്യാപിച്ചിരിക്കുന്നത്. പൊതുജന പങ്കാളിത്തം ഉറപ്പാക്കി സുതാര്യവും ഉത്തരവാദിത്തപരവുമായ ഭരണസംവിധാനം സൃഷ്ടിക്കുകയാണ് പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. സർക്കാർ ജീവനക്കാർ കൈക്കൂലി ആവശ്യപ്പെടുന്ന സംഭവങ്ങൾ പൊതുജനങ്ങൾക്ക് വീഡിയോ തെളിവുകളായി വിജിലൻസിന്റെ ഔദ്യോഗിക പോർട്ടലിൽ സമർപ്പിക്കാം. തെളിവുകൾ പരിശോധിച്ച് ശരിവെച്ചാൽ പരാതിക്കാരന് 5,000 രൂപ പാരിതോഷികമായി നൽകും. അപ്‌ലോഡ് ചെയ്യുന്ന വീഡിയോ തെളിവുകൾ വിജിലൻസ് അധികൃതർ കൃത്യമായി പരിശോധിച്ച് ബോധ്യപ്പെട്ട ശേഷമായിരിക്കും ഈ സമ്മാനത്തുക കൈമാറുന്നത്. വിവരങ്ങൾ നൽകുന്നവരുടെ വിശദാംശങ്ങൾ പുറത്തുവിടില്ല. അഴിമതിക്കാരായ ഒരു ഉദ്യോഗസ്ഥരെയും വച്ചുപൊറുപ്പിക്കില്ലെന്ന് ആഭ്യന്തരമ മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. അഴിമതിയില്ലാതെ ജനങ്ങൾക്ക് സേവനം ലഭ്യമാകണം. അത് സർക്കാരിന്റെ ഔദാര്യമല്ല ജനങ്ങളുടെ അവകാശമാണ്. കാലം മാറിയതനുസരിച്ച് അഴിമതിയിലും മാറ്റങ്ങളുണ്ട്. അതുകൊണ്ടു തന്നെ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെയാണ് പ്രോജക്ട് സീറോ വിഭാവനം ചെയ്തിരിക്കുന്നത്. അഴിമതി നടന്നിട്ട് അത് കണ്ടെത്തുന്നതിനെക്കാൾ അത്തരം സംഭവങ്ങളുണ്ടാകാതെ തടയുന്നതിനാവും മുൻഗണന നൽകുക. 1969ൽ നിർമ്മിച്ച വിജിലൻസ് മാനുവൽ കാലോചിതമായി പരിഷ്കരിക്കും. വിജിലൻസ് നടത്തുന്ന മിന്നൽ പരിശോധനകൾ തുടരുമെന്നും മന്ത്രി രമേശ് ചെന്നിത്തല അറിയിച്ചു. ചടങ്ങിൽ പ്രോജക്ട് സീറോയുടെ ലോഗോ പ്രകാശനം വിജിലൻസ് ഡയറക്ടർ മനോജ് എബ്രഹാമിന് നൽകി മന്ത്രി രമേശ് ചെന്നിത്തല നിർവഹിച്ചു. ആഭ്യന്തര വകുപ്പിന്റെ ഉപദേഷ്ടാവ് മുൻ ഡിജിപി എ. ഹേമചന്ദ്രൻ, ഐജി തോംസൺ ജോസ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## പി.എൻ.ജി കണക്ഷൻ: കൂടുതൽ ഇളവുകളുമായി കേന്ദ്രസർക്കാർ

**ന്യൂഡൽഹി:** എൽ.പി.ജി സിലിണ്ടറുകളിൽ നിന്ന് പൈപ്പ്ഡ് നാച്ചുറൽ ഗ്യാസ് (പിഎൻജി) കണക്ഷനുകളിലേക്ക് മാറുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് കൂടുതൽ ഇളവുകളും സൗകര്യങ്ങളും പ്രഖ്യാപിച്ച് കേന്ദ്ര സർക്കാർ. ഇതിനായി ദ്രവീകൃത പെട്രോളിയം ഗ്യാസ് (ലഭ്യതയുടെയും വിതരണത്തിന്റെയും നിയന്ത്രണം) ഭേദഗതി ഉത്തരവ്, കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തു. പുതുക്കിയ ഭേദഗതി പ്രകാരം എൽ.പി.ജി സിലിണ്ടറിനൊപ്പം പി.എൻ.ജി കണക്ഷനും സ്വന്തമാക്കുന്ന ഉപഭോക്താക്കൾക്ക് രണ്ട് ഓപ്ഷനുകൾ തിരഞ്ഞെടുക്കാൻ അവസരമുണ്ടാകും. പിഎൻജി കണക്ഷൻ ലഭിച്ച് 30 ദിവസത്തിനുള്ളിൽ എൽപിജി കണക്ഷൻ റദ്ദാക്കുന്നതിനായി ഉപഭോക്താക്കൾക്ക് അപേക്ഷിക്കാം, അല്ലെങ്കിൽ ഭാവിയിൽ പി.എൻ.ജി സൗകര്യമില്ലാത്ത മറ്റ് സ്ഥലങ്ങളിലേക്ക് മാറേണ്ടി വരികയാണെങ്കിൽ എൽ.പി.ജി കണക്ഷൻ പുനഃസ്ഥാപിക്കാൻ സഹായിക്കുന്ന 'ട്രാൻസ്ഫർ വൗച്ചർ' വാങ്ങി സൂക്ഷിക്കാനും ഉപഭോക്താക്കൾക്ക് കഴിയും. ഭാവിയിൽ പി.എൻ.ജി പൈപ്പ്ലൈൻ സൗകര്യമില്ലാത്ത പ്രദേശങ്ങളിലേക്ക് താമസം മാറി വരുന്ന ഉപഭോക്താക്കൾക്ക് വലിയ ആശ്വാസവും സൗകര്യവും നൽകുന്നതാണ് കേന്ദ്ര സർക്കാരിന്റെ ഈ പുതിയ തീരുമാനം. സ്ഥലംമാറ്റമുള്ള ജീവനക്കാർ, കുടിയേറ്റ കുടുംബങ്ങൾ, വാടകക്കാർ, വിദ്യാർത്ഥികൾ കൂടാതെ പിഎൻജി ഇതര മേഖലകളിലേക്ക് മാറുന്ന കുടുംബങ്ങൾ എന്നിവർക്ക് ഈ ഭേദഗതി പ്രത്യേകം പ്രയോജനം ചെയ്യും.

### പ്ലസ് ടുവിന് 77.97 ശതമാനം വിജയം

**തിരുവനന്തപുരം:** രണ്ടാം വർഷ ഹയർസെക്കന്ററി പരീക്ഷയിൽ സംസ്ഥാനത്ത് 77.97 ശതമാനം വിജയം. 1990 സ്കൂളുകളിലായി റെഗുലർ വിഭാഗത്തിൽ 372423 പേർ പരീക്ഷ എഴുതി. ഇതിൽ 290381 പേർ ഉപരിപഠനത്തിന് യോഗ്യത നേടി. കഴിഞ്ഞ വർഷം 77.81 ശതമാനമായിരുന്നു വിജയം. 30561 വിദ്യാർഥികൾക്ക് മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ചു. ഇതിൽ 23095 പേർ പെൺകുട്ടികളും 7466 പേർ ആൺകുട്ടികളുമാണ്.

## സി.ബി.എസ്.ഇ പരീക്ഷാഫലം: കേന്ദ്ര വിദ്യാഭ്യാസ മന്ത്രിക്ക് മുഖ്യമന്ത്രി കത്തയച്ചു

**തിരുവനന്തപുരം:** സിബിഎസ്ഇ പ്ലസ് ടു 2025–26 അധ്യയന വർഷ പരീക്ഷാഫലവും പുനർമൂല്യനിർണയ നടപടികളും സംബന്ധിച്ച് വ്യാപകമായ പരാതികൾ ഉയർന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി വി ഡി സതീശൻ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രാധാന മന്ത്രി കത്ത് നൽകി. 2026 മേയ് 13ന് പരീക്ഷാഫലം പ്രസിദ്ധീകരിച്ചതിന് പിന്നാലെ, പ്രതീക്ഷിച്ചതിലും വളരെ കുറഞ്ഞ മാർക്ക് ലഭിച്ചതായി നിരവധി വിദ്യാർത്ഥികൾ പരാതിപ്പെട്ടിരുന്നു. തുടർന്ന് നടന്ന പുനർമൂല്യനിർണയ നടപടികളിലും ഗുരുതരമായ സാങ്കേതികഭരണപരമായ പ്രശ്നങ്ങൾ ഉണ്ടായതായി വിദ്യാർത്ഥികൾ ചൂണ്ടിക്കാട്ടി. വെബ്സൈറ്റ് തകരാറുകൾ, രജിസ്ട്രേഷൻ പിഴവുകൾ, ഫീസ് അടയ്ക്കുന്നതിലെ ബുദ്ധിമുട്ടുകൾ, അപേക്ഷാ സ്ഥിരീകരണത്തിലെ വൈകിപ്പ്, ഉത്തരക്കടലാസുകളുടെ പകർപ്പുകൾ ലഭിക്കാതിരിക്കുക അല്ലെങ്കിൽ വ്യക്തതയില്ലാത്ത പകർപ്പുകൾ ലഭിക്കുക തുടങ്ങിയവയാണ് പ്രധാന പരാതികൾ. കൂടാതെ, ആവശ്യമായ തയ്യാറെടുപ്പുകളോ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും മതിയായ മാർഗനിർദേശങ്ങളോ നൽകാതെയാണ് ഒഎസ്എം സംവിധാനം നടപ്പിലാക്കിയതെന്നും ആശങ്ക ഉയർന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ, സിബിഎസ്ഇയുടെ മൂല്യനിർണയ പുനർമൂല്യനിർണയ നടപടികളിലെ വീഴ്ചകൾ അടിയന്തരമായി പരിശോധിച്ച്, വിദ്യാർത്ഥികളുടെ പരാതികൾക്ക് സുതാര്യവും നീതിപൂർണവും സമയബന്ധിതവുമായ പരിഹാരം ഉറപ്പാക്കാൻ കേന്ദ്ര സർക്കാർ ഇടപെടണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ വിശദീകരിച്ച് ഗായത്രി ദേവി സമർപ്പിച്ച നിവേദനവും കേന്ദ്ര മന്ത്രിക്ക് നൽകിയിട്ടുണ്ട്.




## പ്രധാനമന്ത്രിയും ധനകാര്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി മുഖ്യമന്ത്രി



**ന്യൂഡൽഹി:** പ്രധാനമന്ത്രി നരേന്ദ്രമോഡി, കേന്ദ്രധനകാര്യ മന്ത്രി നിർമ്മലാ സീതാരാമൻ എന്നിവരുമായി മുഖ്യമന്ത്രി വി.ഡി സതീശൻ കൂടിക്കാഴ്ച നടത്തി. രാവിലെ 11.15 ഓടെ സേവാ തീർത്ഥിൽ വെച്ചായിരുന്നു പ്രധാനമന്ത്രിയുമായി മുഖ്യമന്ത്രി കൂടിക്കാഴ്ച നടത്തിയത്. ഉച്ചകഴിഞ്ഞ് 2.30 ന് കർത്തവ്യ ഭവനിലായിരുന്നു ധനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയത്. ചീഫ് സെക്രട്ടറി എ. ജയതിലകും മുഖ്യമന്ത്രിയ്ക്കൊപ്പമുായിരുന്നു. കൂടിക്കാഴ്ചയിൽ കേരളത്തിന്റെ വികസന കാര്യങ്ങൾ ചർച്ചയായി.

# ഇന്നത്തെ പരിപാടി

## കൊച്ചി

■ **എറണാകുളം സംഗീത തിയറ്റർ :** കൊച്ചി മെട്രോ ഫിലിം സൊസൈറ്റിയും ഇടപ്പള്ളി ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രവും ചേർന്ന് സംഘടിപ്പിക്കുന്ന ഇടപ്പള്ളി ചലച്ചിത്രോത്സവം രാവിലെ 10ന് മേഘമൽഹാർ

■ **ഇടപ്പള്ളി ചങ്ങമ്പുഴ പാർക്ക് :** കൊച്ചി മെട്രോ ഫിലിം സൊസൈറ്റിയും ഇടപ്പള്ളി ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രവും ചേർന്ന് സംഘടിപ്പിക്കുന്ന ഇടപ്പള്ളി ചലച്ചിത്രോത്സവം വൈകിട്ട് 5ന് സെമിനാർ - ജനപ്രിയതയും കലാമൂല്യവും കമൽ സിനിമകളിൽ - ഉദ്ഘാടനം ലാൽ ജോസ്, വൈകിട്ട് 7ന് സിനിമ പ്രദർശനം കറുത്ത പക്ഷി.

## പിറവം

■ **മണീട് ബി.ആർ അംബേദ്കർ കമ്മ്യൂണിറ്റി ഹാൾ :** മണീട് ഫൈനാർട്സ് സൊസൈറ്റി സംഘടിപ്പിക്കുന്ന രണ്ടാമത് രാജ്യാന്തര ചലച്ചിത്രമേള രാത്രി 7ന് .

## മൂവാറ്റുപുഴ

■ **കല്ലൂർക്കാട് സെന്റ് അഗസ്റ്റിൻസ് ദേവാലയം :** കല്ലൂർക്കാട് വട്ടക്കുഴിയിൽ കുടുംബയോഗത്തിന്റെ 34-മത് വാർഷിക പൊതുയോഗവും കുടുംബ സംഗമവും രാവിലെ 9.30ന്. പ്രസിഡന്റ് ലംബൈ മാത്യുവിന്റെ അധ്യക്ഷതയിൽ ചേരുന്ന യോഗം ഫാദർ ജോസ് വട്ടക്കുഴി ഉദ്ഘാടനം ചെയ്യും.

## മുളന്തുരുത്തി

■ **വെട്ടിക്കൽ സെന്റ്.തോമസ് ദയറായിൽ :** ഇളയ ബാവയുടെ 217-ാമത് ഓർമ്മപെരുന്നാൾ രാവിലെ 7ന്

# കൊച്ചിയുടെ അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങളിൽ നടപടിയുണ്ടാകുമെന്ന് മന്ത്രി കെ എം ഷാജി

**കൊച്ചി:** നഗരത്തിലെ അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങൾ ചർച്ച ചെയ്ത ഉടൻ നടപടിയെടുക്കാമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ എം ഷാജി. കൊച്ചി മേയർ അഡ്വ. വി ഡി മിനിമോൾ മന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് ഉറപ്പ് ലഭിച്ചത്. നഗരസഭ സെക്രട്ടറി പി എസ് ഷിബു, മരാമത്ത് സ്ഥിരം സമിതി അധ്യക്ഷൻ ടി കെ അഷ്റഫ് എന്നിവരും മേയർക്കൊപ്പമുണ്ടായിരുന്നു.



*കൊച്ചി മേയർ വി കെ മിനിമോൾ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ എം ഷാജിയെ സന്ദർശിക്കുന്നു. പി എസ് ഷിബു, ടി കെ അഷ്റഫ് എന്നിവർ സമീപം.*

# കുട്ടികളിൽ നല്ല ശീലം വളർത്താൻ 'പാഠം ഒന്ന് ആരോഗ്യം'

**കൊച്ചി:** കുട്ടികളിൽ ആരോഗ്യകരമായ ശീലങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ജില്ലയിൽ 'പാഠം ഒന്ന് - ആരോഗ്യം" ക്യാമ്പയിൻ നടപ്പിലാക്കും.
ആരോഗ്യ വകുപ്പും പൊതു വിദ്യാഭ്യാസ വകുപ്പും സംയുക്തമായാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. ആരോഗ്യകരമായ ശീലങ്ങളെക്കുറിച്ചുള്ള സന്ദേശങ്ങൾ കുട്ടികളിലേക്കും കുട്ടികളിലൂടെ കുടുംബങ്ങളിലേക്കും എത്തിക്കുകയാണ് ക്യാമ്പിന്റെ ലക്ഷ്യം.

പകർച്ചവ്യാധി പ്രതിരോധം, ജീവിതശൈലീ രോഗ നിയന്ത്രണം, മാനസികാരോഗ്യം എന്നീ വിഷയങ്ങൾക്കൊപ്പം പുകയിലയും മറ്റ് ലഹരി വസ്തുക്കളും തടയുന്നതിനുള്ള ബോധവത്കരണ പ്രവർത്തനങ്ങളും ക്യാമ്പയിന്റെ ഭാഗമായി നടക്കും.

ലോക പുകയില വിരുദ്ധ ദിനമായ മെയ് 31 മുതൽ അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായ ജൂൺ 26 വരെ നടക്കുന്ന പുകയില-ലഹരി വിരുദ്ധ ക്യാമ്പയിൻ പ്രവർത്തനങ്ങളിൽ പോലീസ്, എക്സൈസ് വകുപ്പുകളും പങ്കാളികളാകും.



*ലോക പുകയില വിരുദ്ധ ദിനത്തിന് മുന്നോടിയായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ഷൈജു പി ജേക്കബ് ബോധവൽക്കരണ പോസ്റ്ററുകൾ പ്രകാശനം ചെയ്യുന്നു.*

# തന്മയി 2026 –സമ്മർ ക്യാമ്പ് സമാപിച്ചു

**കൊച്ചി:** കേരള സർക്കാർ ഹോമിയോപ്പതി വകുപ്പും എറണാകുളം ജില്ലാ പഞ്ചായത്ത് ഹോമിയോ ആശുപത്രിയും സംയുക്തമായി ആയുഷ്മാൻ ഭവ, സദ്ഗമയ പദ്ധതികളുടെ ഭാഗമായി സംഘടിപ്പിച്ച 'തന്മയി 2026' സമ്മർ ക്യാമ്പ് സമാപിച്ചു. എറണാകുളം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സിന്റ ജേക്കബ് പരിപാടി ഉദ്ഘാടനം ചെയ്തു.
കുട്ടികളുടെ അവധിക്കാലം കൂടുതൽ ഫലപ്രദവും സർഗ്ഗാത്മകവുമായി വിനിയോഗിക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്യാമ്പ് സംഘടിപ്പിച്ചത്.

കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് ഉതകുന്ന വൈവിധ്യമാർന്ന നിരവധി പരിപാടികളാണ് ക്യാമ്പിൽ ഉൾപ്പെടുത്തിയിരുന്നത്. യോഗ, ബ്രെയിൻ ജിം, ജീവിതശൈലി മെച്ചപ്പെടുത്തൽ, ആഹാരക്രമീകരണം, ക്രാഫ്റ്റ്, ആർട്ട് വർക്കുകൾ തുടങ്ങിയവയിൽ കുട്ടികൾക്ക് വിദഗ്ദ്ധ പരിശീലനം ലഭിച്ചു.

സമാപന ചടങ്ങിൽ സിനിമാതാരവും സംവിധായകനുമായ മുഹമ്മദ് ഫൈസൽ, നടനും ഗായകനുമായ വിജു കൊടുങ്ങല്ലൂർ എന്നിവർ മുഖ്യാതിഥികളായി പങ്കെടുത്തു. കുട്ടികളുമായി സംവദിച്ച അവർ, ക്യാമ്പ് അംഗങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനവും നിർദ്ദേശങ്ങളും നൽകി. ക്യാമ്പിന് വിവിധ മേഖലകളിലെ പ്രമുഖർ നേതൃത്വം നൽകി. ചടങ്ങിൽ ജില്ലാ ആശുപത്രി സൂപ്രണ്ട് ഡോ. സിജി എബ്രഹാം ചടങ്ങിൽ അധ്യക്ഷയായി. ഷാരോൺ സജി (സൈക്കോളജിസ്റ്റ്), ബെൻസി കെ. ബി. (സ്പെഷ്യൽ എഡ്യൂക്കേറ്റർ), ഡോ. രഞ്ജു (നാച്ചുറോപതി മെഡിക്കൽ ഓഫീസർ), ശ്രീജേഷ് (യോഗ ഇൻസ്ട്രക്ടർ), ആയുഷ്മാൻ ഭവ കൺവീനർ ഡോ. ഹേമ തിലക്, സദ്ഗമയ മെഡിക്കൽ ഓഫീസർ ഡോ. ഉമ എം. പി. എന്നിവർ പങ്കെടുത്തു. തുടർന്ന് കുട്ടികളുടെ കലാപരിപാടികളും അരങ്ങേറി.

# ടെണ്ടർ ക്ഷണിച്ചു

**കാക്കനാട്:** കാക്കനാട് സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന എറണാകുളം വനിതാ സംരക്ഷണ ഓഫീസറുടെ ഔദ്യോഗിക ആവശ്യത്തിനായി കരാർ അടിസ്ഥാനത്തിൽ വാഹനം (കാർ) വാടകയ്ക്ക് നൽകുന്നതിന് താല്പര്യമുള്ള വാഹന ഉടമകളിൽ നിന്ന് ടെണ്ടറുകൾ ക്ഷണിച്ചു. ടെണ്ടറുകൾ സമർപ്പിക്കേണ്ട അവസാന തിയതി ജൂൺ 10 ന് ഉച്ചക്ക് 2 മണി വരെ. ഫോൺ: 8281999057/04842959296

# ഭിന്നശേഷി കുട്ടികൾക്ക് പഠനോപകരണ കിറ്റുകൾ വിതരണം ചെയ്തു



**ആലപ്പുഴ:** ഭിന്നശേഷി കുട്ടികളുടെ പഠനവും കഴിവ് വികസനവും ശക്തിപ്പെടുത്തുന്നതിനായി "ലൈഫ് ചെയ്ഞ്ചിംഗ് വിമൻസ് ഓർഗനൈസേഷൻ" പദ്ധതിയുടെ ഭാഗമായി ടി.എൽ.എം (ടീച്ചിംഗ് ലേണിംഗ് മെറ്റീരിയൽസ്) കിറ്റുകൾ വിതരണം ചെയ്തു. കേരള സർക്കാർ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സമഗ്ര ശിക്ഷ കേരളയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ബി.ആർ.സി തുറവൂർ സംഘടിപ്പിച്ച പരിപാടി ജി.എൻ.എസ്.എൽ.പി.എസ് എരമല്ലൂർ സ്കൂളിൽ നടന്നു.
ബ്ലോക്ക് പ്രോഗ്രാം കോർഡിനേറ്റർ അനൂജ ആന്റണി ഉദ്ഘാടനം നിർവഹിച്ചു. ഭിന്നശേഷി കുട്ടികളുടെ പഠനവും സൃഷ്ടിപരമായ കഴിവുകളും മെച്ചപ്പെടുത്തുന്നതിനായി വിവിധ പഠനോപകരണങ്ങൾ ഉൾപ്പെടുത്തിയ സ്കൂൾ കിറ്റുകളാണ് വിതരണം ചെയ്തത്. ഉൾക്കൊള്ളുന്ന വിദ്യാഭ്യാസാന്തരീക്ഷം സൃഷ്ടിക്കാനും കുട്ടികളുടെ ആത്മവിശ്വാസവും പഠനമികവും ഉയർത്താനും ഇത്തരം പ്രവർത്തനങ്ങൾ ഏറെ സഹായകരമാണെന്ന് ചടങ്ങിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

ട്രസ്റ്റി ഫിലോമിന സ്റ്റെഫി, പ്രസിഡന്റ് നിപ്സി സഫീർ, സെക്രട്ടറി സബീന അൻസാർ, അംഗം മീനു മിഥുൻ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. അധ്യാപകർ, രക്ഷിതാക്കൾ, സാമൂഹിക പ്രവർത്തകർ എന്നിവരുടെ സാന്നിധ്യവും ശ്രദ്ധേയമായി. ഭിന്നശേഷി കുട്ടികൾക്ക് കൂടുതൽ വിദ്യാഭ്യാസ പിന്തുണയും സമാന അവസരങ്ങളും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നതെന്ന് സംഘാടകർ അറിയിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഉരുൾപൊട്ടൽ സാധ്യതാപ്രദേശങ്ങളിൽ 48 മണിക്കൂർ തുടർച്ചയായി മഴ പെയ്താൽ ക്യാമ്പുകൾ തുറക്കണം: ജില്ലാ കളക്ടർ

**കൊച്ചി:** ജില്ലയിലെ ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങളിലെ കാലവർഷ മുന്നൊരുക്കങ്ങൾ വിലയിരുത്താൻ ജില്ലാ കളക്ടർ ജി. പ്രിയങ്കയുടെ അധ്യക്ഷതയിൽ ഓൺലൈനായി അവലോകനയോഗം ചേർന്നു. കാലവർഷം ശക്തമാകുന്ന സാഹചര്യത്തിൽ  ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ അതീവ ജാഗ്രത പുലർത്തണമെന്നും  പ്രതികൂല കാലാവസ്ഥയുള്ളപ്പോൾ ദുരന്തനിവാരണ അതോറിറ്റിയുമായി (ഡി ഡി എം എ)  തത്സമയ വിവരങ്ങൾ പങ്കുവെക്കണമെന്നും ജില്ലാ കളക്ടർ പറഞ്ഞു. ?തുടർച്ചയായി 48 മണിക്കൂർ ശക്തമായ മഴ പെയ്യുന്ന സാഹചര്യമുണ്ടായാൽ ഉരുൾപൊട്ടൽ ഭീഷണിയുള്ള പ്രദേശങ്ങളിൽ നിന്ന് ആളുകളെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റണം. മഴ തുടർച്ചയായി 24 മണിക്കൂർ മാറി നിന്നതിനു ശേഷമേ ഇത്തരത്തിൽ മാറ്റി പാർപ്പിച്ചവരെ സ്വന്തം വീടുകളിലേക്ക് തിരികെ പോകാൻ അനുവദിക്കാവു. ക്യാമ്പുകൾ തുറക്കുന്നതിനാവശ്യമായ കെട്ടിടങ്ങളുടെ കൃത്യമായ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കണം, അടിയന്തര സാഹചര്യങ്ങളിൽ തദ്ദേശവാസികളെ ബന്ധപ്പെടുന്നതിനായി ഇവരുടെ ഫോൺ നമ്പറുകൾ ഉൾപ്പെടെയുള്ള വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കാനും ജില്ലാ കളക്ടർ വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകി.

ജില്ലയിലെ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളുടെ നിലവിലുള്ള പട്ടികയിൽ ഉൾപ്പെടാത്തതും എന്നാൽ പ്രാദേശികമായി അപകടസാധ്യതയുണ്ടെന്ന് കരുതുന്നതുമായ പ്രദേശങ്ങളിലും ശ്രദ്ധ ചെലുത്തണം. അപകടസാധ്യതയുള്ള മേഖലകളിൽ താമസിക്കുന്ന കുടുംബങ്ങളിലെ  പ്രായമായവർ, ഭിന്നശേഷിക്കാർ, കുട്ടികൾ എന്നിവരുടെ വിവരങ്ങൾ പ്രത്യേകം ശേഖരിക്കണം. കനത്ത മഴയുള്ളപ്പോൾ ഇത്തരം പ്രദേശങ്ങളിലേക്കുള്ള അനാവശ്യ യാത്രകൾ ഒഴിവാക്കാൻ ജനങ്ങൾക്കിടയിൽ വ്യാപകമായ ബോധവൽക്കരണം നടത്താനും  യോഗം ആവശ്യപ്പെട്ടു.

ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങളിലെ ക്വാറികൾ, ഖനന മേഖലകൾ, എന്നിവിടങ്ങളിൽ ജിയോളജി വകുപ്പ്  പരിശോധന നടത്തി സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.  ഓറഞ്ച്, റെഡ് അലർട്ടുകൾ പ്രഖ്യാപിക്കുന്ന ദിവസങ്ങളിൽ ക്വാറികളുടെ പ്രവർത്തനം നിയന്ത്രിക്കാൻ ഉടമകൾക്ക് നിർദ്ദേശം നൽകണം.

ഭൂമി ഇടിഞ്ഞു താഴുക, വിള്ളലുകൾ രൂപപ്പെടുക തുടങ്ങിയ ലക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടനടി ജില്ലാ എമർജൻസി ഓപ്പറേഷൻസ് സെന്ററിലും, ഡി.ഡി.എം.എയിലും വിവരമറിയിക്കാനും ജില്ലാ കളക്ടർ ആവശ്യപ്പെട്ടു. ദുരന്തനിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ ജി ശ്രീകുമാർ, ആലുവ, കുന്നത്തുനാട്, കോതമംഗലം, മൂവാറ്റുപുഴ തുടങ്ങിയ താലൂക്കുകളിലെ തഹസിൽദാർമാർ, വില്ലേജ് ഓഫീസർമാർ  ബന്ധപ്പെട്ട വകുപ്പ് മേധാവികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# ക്ഷീരദിനാഘോഷം ജൂൺ ഒന്നിന്; മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

**തിരുവനന്തപുരം:** ലോക ക്ഷീരദിനാഘോഷത്തിന്റെ  സംസ്ഥാനതല ഉദ്ഘാടനം ജൂൺ ഒന്നിന് മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിക്കും. 'സെലിബ്രേറ്റിംഗ് വിമൻ ഫാർമേഴ്സ്' എന്നതാണ് ഈ വർഷത്തെ ലോക ക്ഷീരദിന പ്രമേയം. കുടുംബത്തിന്റെ വരുമാന വർദ്ധനവിലും ഗ്രാമീണ വനിതാ ശാക്തീകരണത്തിലും ക്ഷീരമേഖലയിലെ വനിതകൾ നൽകുന്ന അതുല്യമായ സംഭാവനകളെയും അവരുടെ അർപ്പണബോധത്തെയും ആദരിക്കുന്നതിനാണ് ഇത്തവണ മുൻഗണന നൽകുന്നത്. ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡി.പി.ഐ. ജംഗ്ഷനിലെ ജവഹർ സഹകരണ ഭവൻ ഓഡിറ്റോറിയത്തിൽ രാവിലെ 11.30 ന് നടക്കുന്ന പരിപാടിയിൽ  ക്ഷീരവികസന വകുപ്പ് മന്ത്രി  ബിന്ദു കൃഷ്ണ അദ്ധ്യക്ഷയാകും. ഗതാഗത വകുപ്പ് മന്ത്രി  സി.പി. ജോൺ മുഖ്യപ്രഭാഷണം നടത്തും. ശശി തരൂർ എം.പി, മേയർ വി.വി. രാജേഷ്, ക്ഷീരവികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മിൻഹാജ് ആലം, ക്ഷീരവികസന വകുപ്പ് ഡയറക്ടർ ശാലിനി ഗോപിനാഥ്,  ജോയിന്റ് ഡയറക്ടർ (പ്ലാനിംഗ്) സിനില ഉണ്ണികൃഷ്ണൻ, മിൽമ ചെയർമാൻ കെ.എസ്. മണി, കെ.സി.എം.എം.എഫ് മാനേജിംഗ് ഡയറക്ടർ ആസിഫ് കെ. യൂസഫ് ഉൾപ്പടെ ക്ഷീരമേഖലയിലെ പ്രമുഖരും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നിഹിതരാകും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മൃഗസംരക്ഷണ വകുപ്പ്, മിൽമ, കെ.എൽ.ഡി.ബി, കേരള ഫീഡ്സ്, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവയുടെ സഹകരണത്തോടെ രാവിലെ 9 മുതൽ ശിൽപശാലയും വിപുലമായ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. ശിൽപശാലയുടെ ഭാഗമായി 'പോഷകഗുണമുള്ള തീറ്റയിലൂടെ പശുക്കളുടെ ആരോഗ്യ സംരക്ഷണവും ഗുണമേന്മയുള്ള പാലും' എന്ന വിഷയത്തിൽ കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പൽ വർക്കി ജോർജ്ജും, 'ശാസ്ത്രീയ പ്രജനന രീതികൾ' എന്ന വിഷയത്തിൽ കെ.എൽ.ഡി.ബി മാനേജർ ഡോ. അവിനാശ് കുമാറും ക്ലാസുകൾ നയിക്കും.

# മലങ്കര ഡാം ഷട്ടറുകളുടെ അടിയന്തര അറ്റകുറ്റപ്പണി: ജാഗ്രത പാലിക്കണമെന്ന്

**കൊച്ചി:** കാലവർഷ മുന്നൊരുക്കങ്ങളുടെ ഭാഗമായി  മലങ്കര ഡാമിലെ ഷട്ടറുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ മൂന്നാഴ്ചത്തേക്ക് ഡാമിലെ ജലനിരപ്പ് 36.90 മീറ്ററിലേക്ക് താഴ്ത്തുന്നതാണ്.

ഇതിനുവേണ്ടി ഡാമിലെ വെള്ളം പുറത്തേക്ക് ഒഴുക്കുന്നത് മൂലം തൊടുപുഴയാറിലെയും മൂവാറ്റുപുഴയാറിലെയും ജലനിരപ്പ് ഉയരാൻ സാധ്യതയുള്ളതിനാൽ നദികളുടെ ഇരുകരകളിലും താമസിക്കുന്നവർ ജാഗ്രത പുലർത്തണമെന്ന് അധികൃതർ അറിയിച്ചു. മലങ്കര ഡാമിലെ ജലനിരപ്പ് താഴ്ത്തുന്നതു മൂലം അറക്കുളം, വെള്ളിയാമറ്റം, കുടയത്തൂർ, ആലക്കോട് തുടങ്ങിയ പഞ്ചായത്തുകളിലേക്കുള്ള ശുദ്ധ ജല വിതരണത്തെ പ്രതികൂലമായി ബാധിക്കാത്ത വിധം കേരള വാട്ടർ അതോറിറ്റിയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണെന്ന് മുവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്റ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. അറ്റകുറ്റപ്പണികൾ പൂർത്തിയായ ശേഷം ജലനിരപ്പ് പൂർവ്വസ്ഥിതിയിലേക്ക് ഉയർത്തും.

# ബാഡ്മിൻഡൻ അമ്പയർമാർക്ക് പരിശീലനം

**കൊച്ചി:** എറണാകുളം ജില്ലാ ബാഡ്മിൻഡൻ അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ അമ്പയർമാർക്ക് പരിശീലനം സംഘടിപ്പിക്കുന്നു. ഞാറയ്ക്കലിലുള്ള ഇന്ത്യൻ സ്പോർട്സ് സെന്ററിൽ ജൂൺ 6,7, തിയതികളിലാണ് പരിശീലനം. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവരെ ജില്ലാതല അമ്പയർ പാനലിൽ ഉൾപ്പെടുത്തുമെന്ന് അസ്സോസിയേഷൻ സെക്രട്ടറി അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 984756037,9559126260.

# ഇടപ്പള്ളി കൾവർട്ടിന് സമീപത്തെ നിർമാണാവശിഷ്ടങ്ങൾ ജൂൺ ഒന്നിനകം നീക്കണം: മന്ത്രി റോജി എം. ജോൺ

**കൊച്ചി:** ദേശീയപാതയിലെ ഇടപ്പള്ളി ജംഗ്ഷൻ മുതൽ ഒബ്രോൺ മാൾ വരെയുള്ള മൂന്ന് കൾവർട്ടുകൾക്ക് സമീപമുള്ള  നിർമ്മാണ അവശിഷ്ടങ്ങൾ ജൂൺ ഒന്നിന് മുൻപായി അടിയന്തരമായി നീക്കം ചെയ്യാൻ ദേശീയപാത അതോറിറ്റിക്ക് ജില്ലയുടെ ചുമതല വഹിക്കുന്ന ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി എം. ജോൺ നിർദ്ദേശം നൽകി. നിർമ്മാണ അവശിഷ്ടങ്ങൾ വലിയ തോതിലുള്ള ഗതാഗതക്കുരുക്കിന് കാരണമാകുന്ന സാഹചര്യത്തിലാണ് നടപടി.



*ജില്ലയിലെ മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങൾ വിലയിരുത്താൻ ചേർന്ന യോഗത്തിൽ മന്ത്രി റോജി എം ജോൺ സംസാരിക്കുന്നു. ജില്ലാ കളക്ടർ ജി പ്രിയങ്ക സമീപം.*

പറവൂർ തെക്കേകനാൽ വഴിയിലെ വെള്ളക്കെട്ട് വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. ഇവിടുത്തെ കാന ജൂൺ ഒന്നിന് മുൻപ് വൃത്തിയാക്കണം. കൊച്ചി മെട്രോ റെയിലിന്റെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന പ്രദേശങ്ങളിലെ  ഡ്രെയിനേജുകളുടെയും ശുചീകരണ ജോലികൾ ഒരാഴ്ചയ്ക്കകം പൂർത്തിയാക്കണമെന്നും കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ജില്ലാതല അവലോകന യോഗത്തിൽ അധ്യക്ഷത വഹിച്ചുകൊണ്ട് മന്ത്രി ആവശ്യപ്പെട്ടു.

അമൃത് പദ്ധതിയുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിക്കുന്നതിനായി വെട്ടിപ്പൊളിച്ചിട്ടുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ തീർത്ത് അവ സഞ്ചാരയോഗ്യമാക്കണം. അയ്യമ്പുഴ പഞ്ചായത്തിലെ താന്നിക്കോട് - മുണ്ടാപുരം മേഖലയിൽ വലിയ പാറക്കല്ലുകൾ അപകടകരമായ രീതിയിൽ സ്ഥിതി ചെയ്യുന്നുണ്ട്. ഇവ പൊട്ടിച്ചു മാറ്റുന്നതിന് പഞ്ചായത്തിന് പരിമിതികളുള്ളതിനാൽ വലിയ അപകടസാധ്യതയാണ് നിലനിൽക്കുന്നത്. ഈ വിഷയം ചർച്ച ചെയ്യാൻ പ്രത്യേക യോഗം വിളിക്കണം. ഇത് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു. സ്കൂളുകളുടെയും സ്കൂൾ ബസുകളുടെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന നടപടികൾ  വേഗത്തിലാക്കണം. സ്കൂളുകൾ തുറക്കുമ്പോൾ കൊച്ചി നഗരത്തിലും പ്രത്യേകിച്ച് വടുതല, പച്ചാളം പോലുള്ള മേഖലകളിലും സ്കൂൾ ബസുകൾ മൂലം ഗതാഗതക്കുരുക്ക് വർധിക്കാൻ സാധ്യതയുണ്ട്. ഇത് നിയന്ത്രിക്കുന്നതിനായി കൂടുതൽ പോലീസ് സേനയെ നിയമിക്കണം. സ്കൂളുകളിൽ ഉച്ചഭക്ഷണം തയ്യാറാക്കുന്നതിന് ആവശ്യമായ പാചകവാതക സിലിണ്ടറുകൾ മുൻഗണനാടിസ്ഥാനത്തിൽ ലഭ്യമാക്കാൻ ജില്ലാ സപ്ലൈ ഓഫീസർക്ക് യോഗം നിർദ്ദേശം നൽകി.

ജില്ലയിലെ മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങൾ അവസാനഘട്ടത്തിൽ ആണെന്ന് ജില്ലാ കളക്ടർ ജി പ്രിയങ്ക പറഞ്ഞു. 'ഓപ്പറേഷൻ വാഹിനി' പദ്ധതിയുടെ ഭാഗമായി അനുവദിച്ച 5 കോടി രൂപയിൽ നിന്നും മേജർ, മൈനർ ഇറിഗേഷൻ വകുപ്പുകൾക്ക് ആവശ്യാനുസരണം തുക കൈമാറിയിട്ടുണ്ട്. ഇതുകൂടാതെ ജിയോ ബാഗുകൾ സ്ഥാപിക്കുന്നതിനായി 2.82 കോടി രൂപയും വീട് നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് 3.37 കോടി രൂപയും ജില്ലക്ക് ലഭിച്ചു. കാലവർഷ മുന്നൊരുക്കങ്ങൾക്കായി ജില്ലയ്ക്ക് പ്രത്യേകമായി ലഭിച്ച 5 കോടി രൂപ, വിവിധ വകുപ്പുകൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ അനുസരിച്ച് കൈമാറുന്നതായിരിക്കുമെന്നും ജില്ലാ കളക്ടർ പറഞ്ഞു. ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വളരെ പ്രാധാന്യത്തോടെ ട്രീ കമ്മിറ്റികൾ കൂടിയിട്ടുണ്ടെന്നും മഴക്കാല കെടുതികളെ നേരിടുന്നതിനുള്ള മുന്നൊരുക്കങ്ങൾ ചെയ്തിട്ടുണ്ടെന്നും ഉരുൾപൊട്ടൽ സാധ്യതയുള്ള പഞ്ചായത്തുകളിലും താലൂക്കുകളിലെയും സെക്രട്ടറിമാരുടെയും തഹസിൽദാർമാരുടെയും പ്രത്യേക യോഗം ചേർന്ന്  മുന്നൊരുക്കങ്ങൾ വിലയിരുത്തിയിട്ടുള്ളതാണെന്നും ജില്ലാ കളക്ടർ അറിയിച്ചു. യോഗത്തിൽ എംഎൽഎമാരായ ടി. ജെ. വിനോദ്, മുഹമ്മദ് ഷിയാസ്, ഉമാ തോമസ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ജി. രാധാകൃഷ്ണൻ, ജില്ലാ പോലീസ് മേധാവി എസ് കാളിരാജ് മഹേഷ് കുമാർ, റൂറൽ ജില്ലാ പോലീസ് മേധാവി കെ. സുദർശൻ, സബ് കളക്ടർ ഗ്രന്ഥേ സായി കൃഷ്ണ, അസിസ്റ്റന്റ് കളക്ടർ ഹൃതിക് രഞ്ജൻ, ദുരന്തനിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ ജി. ശ്രീകുമാർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# പുതിയ അധ്യയന വർഷം: സ്വയം നവീകരിച്ച് മുന്നേറുക





അഡ്വ.ചാർളിപോൾ

**ജീ**വിതത്തെ റീസെറ്റ് ചെയ്യാൻ (പുതുക്കി പണിയാൻ) ഏറ്റവും പറ്റിയ സന്ദർഭമാണ് പുതിയ അധ്യയന വർഷം. കഴിഞ്ഞ വർഷത്തെ വിലയിരുത്തി, അവയിൽ നിന്നുള്ള പാഠങ്ങൾ ഉൾക്കൊണ്ട്, പോരായ്മകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അവ തിരുത്തി, നഷ്ടമായവ വീണ്ടെടുക്കാനും പുതിയ കർമ്മ പദ്ധതികൾ വിഭാവനം ചെയ്യാനും പുതു വർഷത്തിൽ സാധിക്കണം. ഏതെല്ലാം മേഖലകളിലാണ് മാറ്റം സാധ്യമാക്കേണ്ടതെന്ന് സ്വയം ചോദിക്കുക. അവ എപ്രകാരമായിരിക്കണമെന്ന് രൂപരേഖ തയ്യാറാക്കുക. നിശ്ചയിച്ച് ഉറപ്പിക്കുന്ന പദ്ധതികൾ സഫലമാക്കാൻ അനുദിനം യത്നിക്കുക. സ്വയം നവീകരിച്ച് മുന്നേറുക.

## പഠനമാകണം പ്രധാന ദിനചര്യ

ഒരു വിദ്യാർത്ഥിയെ സംബന്ധിച്ച് പഠനമാകണം പ്രധാന ദിനചര്യ. ആദ്യദിനം തന്നെ സിലബസ്, ടൈംടേബിൾ എന്നിവ മനസ്സിലാക്കി പഠന ഒരുക്കം തുടങ്ങണം. വിജയകരമായ പഠനം വഴിയാണ് ജീവിതലക്ഷ്യങ്ങളെ സാക്ഷാത്കരിക്കാൻ സാധിക്കുക. പഠനത്തിൽ വിട്ടുവീഴ്ചയില്ലെന്ന് ആദ്യമേ തീരുമാനിക്കണം. അടുക്കും ചിട്ടയുമാർന്ന പഠന രീതി സ്വീകരിക്കണം. ബോധപൂർവ്വം പഠന പരിശ്രമങ്ങൾക്ക് സമയം കണ്ടെത്തണം. ക്ലാസിലെ ശ്രദ്ധ പ്രധാനമാണ്. ക്ലാസ് എനിക്ക് വേണ്ടിയാണെന്ന ചിന്ത ഉണ്ടാകണം. ക്ലാസ് കഴിഞ്ഞാൽ പഠിപ്പിച്ച കാര്യങ്ങൾ ചർച്ച ചെയ്യാം. പിറ്റേന്ന് അറിയാത്ത കുട്ടികൾക്ക് പാഠഭാഗങ്ങൾ പറഞ്ഞു കൊടുക്കാം. സ്ഥിരോത്സാഹം വേണം. അന്നന്ന് പഠിപ്പിച്ചവ അന്നന്നു തന്നെ പഠിക്കാൻ കഴിയണം. ദിവസേന ചെറിയ രീതിയിൽ റിവിഷൻ ആരംഭിക്കണം. ആവർത്തനമാണ് ഓർമ്മയുടെ ശാസ്ത്രം. സംശയങ്ങൾ അധ്യാപകരോടും സുഹൃത്തുക്കളോടും ചോദിച്ച് മനസ്സിലാക്കണം. പഠനത്തെ ഇഷ്ടപ്പെടണം. ഇഷ്ടപ്പെട്ട് പഠിച്ചാൽ കഷ്ടപ്പാട് തോന്നുകയില്ല. കഴിവ് പൂർണമായി വിനിയോഗിക്കുന്നുവെങ്കിൽ വിജയം സുനിശ്ചിതമാണ്.



## പഠന രീതികൾ

പഠനത്തിന് നാല് ഘട്ടം ഉണ്ട്. 1. വിവര ശേഖരണം (കിമേസല) 2. വിലയിരുത്തലും വിശകലനവും ( Processing) 3. തലച്ചോറിലെ ന്യൂറോൺ ശ്രേണിയിലേക്ക് പഠിച്ചവ കൂട്ടിച്ചേർക്കൽ (Storing) 4.വിവരം ഉപയോഗിക്കൽ (Rterieval ). വിവരം ഉപയോഗിക്കലാണ് പരീക്ഷ. അതിനു മുമ്പുള്ള ഘട്ടങ്ങളിലൂടെ ശ്രദ്ധാപൂർവ്വം കടന്നു പോകുമ്പോഴാണ് പരീക്ഷ എളുപ്പമാവുക. കണ്ടു പഠിക്കുന്നവരും കേട്ടു പഠിക്കുന്നവരും എഴുതി പഠിക്കുന്നവരും ഉണ്ട്. എല്ലാവരും എല്ലാ രീതികളും പ്രയോജനപെടുത്തുക.

## ടൈം മാനേജ്മെന്റ്

പഠനം, പ്രാർത്ഥന, വിശ്രമം, ഹോബികൾ, ഉറക്കം, എന്നിവക്കെല്ലാം സമയം കണ്ടെത്തണം. സമയത്തിന്റെ ഫലപ്രദമായ വിനിയോഗത്തിനായി ഒരു ടൈംടേബിൾ തയ്യാറാക്കണം. ടൈംടേബിൾ തയ്യാറാക്കിയാൽ സമയം പാഴാകാതെ വിനിയോഗിക്കാം. പഠനത്തിന് അടക്കും ചിട്ടയും ഉണ്ടാകും. എല്ലാ വിഷയങ്ങൾക്കും പ്രാധാന്യം നൽകുകയും ബുദ്ധിമുട്ടുള്ളവക്ക് കൂടുതൽ സമയം നൽകിയും ടൈംടേബിൾ തയ്യാറാക്കുക. ദുഷ് ചിന്തകളിൽ നിന്നും മോചനം ലഭിക്കാനും അലസത വെടിഞ്ഞ് പഠനം കാര്യക്ഷമമാക്കാനും ടൈംടേബിൾ സഹായിക്കും.




## ആരോഗ്യം / മാനസികാരോഗ്യം

ആരോഗ്യം, മാനസികാരോഗ്യം എന്നിവ രണ്ടും പഠന പുരോഗതിക്ക് അത്യന്താപേക്ഷിതമാണ്. മതിയായ ഉറക്കം ഉറപ്പുവരുത്തണം. ധാരാളം വെള്ളം കുടിക്കണം. ശരിയായ ഭക്ഷണശീലം വേണം. സമയത്ത് തന്നെ ഭക്ഷണം കഴിക്കണം. പ്രഭാത ഭക്ഷണം ബ്രെയിൻ ഫുഡ് ആണ്. ഇത് ഒരു ദിവസത്തെ എനർജിതലം രൂപപ്പെടുത്തുന്നുണ്ട്. അത് ഒഴിവാക്കരുത്. ദിവസവും കുറച്ച് വ്യായാമം ഉണ്ടായാൽ ശ്രദ്ധയും ഊർജ്ജവും ലഭിക്കും. മാനസിക ഉല്ലാസത്തിന് ഹോബികളിൽ കുറച്ചു നേരം ഏർപ്പെടാം. പുതിയ സൗഹൃദങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കാം. സമ്മർദ്ദം തോന്നുമ്പോൾ വിശ്വസിക്കാവുന്നവരോട് സംസാരിക്കാം. പരിഹാര മാർഗ്ഗങ്ങൾ തേടാം.



## ഡിജിറ്റൽ സുരക്ഷയും ശീലങ്ങളും

ഓൺലൈൻ ക്ലാസുകളുടെ ഗ്രൂപ്പുകളിൽ സ്വകാര്യ വിഷയങ്ങൾ പങ്കിടുമ്പോൾ ശ്രദ്ധിക്കുക. എ.ഐ ടൂൾസ്, ഇന്റർനെറ്റ് റിസോഴ്സസ് എന്നിവ ഉപയോഗിക്കുമ്പോൾ കോപ്പി പേസ്റ്റ് ചെയ്യുന്നതിന് പകരം മനസ്സിലാക്കി പഠിക്കുക.
മൊബൈൽ ഫോൺ, സോഷ്യൽ മീഡിയ തുടങ്ങിയവയുടെ ഉപയോഗത്തിന് കർശന നിയന്ത്രണം വേണം. ഇവയുടെ ആസക്തിയിലേക്ക് നീങ്ങിയാൽ ജീവിതം അപകട സ്ഥിതിയിലാകും. പ്രശ്നങ്ങളുണ്ടാകുമ്പോൾ ലഹരിയുടെ വഴികൾ തേടാതെ കൗൺസിലിങ്ങിനോ മറ്റ് പരിഹാര മാർഗ്ഗങ്ങളോ തേടുക.

## വ്യക്തിപരമായ വളർച്ച

ഓരോ അധ്യയന വർഷവും നമ്മൾ വിവിധ തലങ്ങളിൽ വളരുകയാണ്. പുതിയ സ്കിൽ പഠിക്കാൻ സമയം കണ്ടെത്തണം. വായനാശീലം വളർത്തണം. വായനയാണ് മനുഷ്യനെ പൂർണ്ണനാക്കുന്നത്, പക്വമതിയാക്കുന്നത്. പരന്ന വായന നല്ലതാണ്. ചെറിയ ലക്ഷ്യങ്ങൾ നിശ്ചയിച്ച് അവ നേടിയെടുക്കാൻ പുതുവർഷത്തിൽ പരിശ്രമിക്കുക. വിജയങ്ങളിൽ സന്തോഷം കണ്ടെത്തുക. പരാജയങ്ങളിൽ പതറാതിരിക്കുക. പരാജയങ്ങൾ നിന്ന് ഒരുപാട് പാഠങ്ങൾ പഠിക്കാനാകും. പുതിയ വർഷത്തിൽ ഒറ്റയടിക്ക് നേട്ടങ്ങൾ എന്നതിനേക്കാൾ ചെറിയ ചെറിയ പുരോഗതികൾ കൈവരിച്ച് മുന്നോട്ടുപോകുക.

## അധ്യാപകരോട്

നിങ്ങൾ വിദ്യാർത്ഥികളുടെ സഹരക്ഷിതാക്കളാണ്. സ്വന്തം മക്കളോട് എന്ന പോലെ സൗഹൃദപരവും സുരക്ഷിതമായ ഒരു പഠനാന്തരീക്ഷം സ്കൂളിൽ ഒരുക്കണം. 'തന്റെ മുന്നിലിരിക്കുന്ന കുട്ടി തന്റെതല്ലെന്ന് തോന്നുന്നത് എപ്പോഴാണോ അപ്പോൾ അധ്യാപകർ വിദ്യാലയത്തിന്റെ പടിയിറങ്ങണം.' എന്ന് പറഞ്ഞത് ഗുരു നിത്യചൈതന്യ യതിയാണ്. കൂടുതൽ കരുതലും കരുണയും സ്നേഹവും സഹാനുഭൂതിയും കുട്ടികൾക്ക് നൽകണമെന്ന് സാരം.
ഓരോ കുട്ടിയിലും 'എന്തില്ല ' എന്ന് അന്വേഷിക്കാതെ 'എന്തുണ്ട് ' എന്ന് കണ്ടെത്തുക. അവരുടെ കഴിവുകളും പഠന വൈകല്യങ്ങളും തിരിച്ചറിഞ്ഞ് പഠിക്കാൻ അവരെ സഹായിക്കുക. എല്ലാ കുട്ടികളും ജീനിയേഴ്സുകളാണ് എന്ന് പറഞ്ഞത് ആൽബർട്ട് ഐൻസ്റ്റീൻ ആണ്. ഓരോരുത്തരും അവരുടേതായ മേഖലകളിൽ ജീനിയസ് ആണ്. അവരിലെ കഴിവുകളുടെ അനന്തസാധ്യതകൾ തിരിച്ചറിഞ്ഞ് അവരെ പ്രോത്സാഹിപ്പിച്ചാൽ മതി. ഓരോ വിദ്യാർത്ഥിയും ഓരോ നിധിയാണ്. അവർക്ക് മൂല്യബോധം പകർന്നു നല്കുക. മാർഗ്ഗദർശനം നടത്തുക, ദിശാബോധം പകരുക, പ്രചോദിപ്പിക്കുക, അഭിനന്ദിക്കുക, അംഗീകരിക്കുക, വിദ്യാർത്ഥികളുടെ സഹ സഞ്ചാരിയാകുക, പഠനം കൂടുതൽ രസകരവും പ്രവർത്തനാധിഷ്ഠിതവും ആക്കുക.

## മാതാപിതാക്കളോട്

നിങ്ങളുടെ ഇഷ്ടാനിഷ്ടങ്ങളുടെ ഇരകളായി കുട്ടികളെ മാറ്റരുത്. നിങ്ങളുടെ ആഗ്രഹങ്ങൾ കുട്ടികളുടെ മേൽ അടിച്ചേൽപ്പിക്കരുത്. അങ്ങനെ വരുമ്പോൾ അവർ ആത്മ സംഘർഷങ്ങളിൽ പെട്ട് ദിശ മാറിപ്പോകാൻ ഇടവരുത്തിയേക്കാം. അവരുടെ അഭിരുചിയനുസരിച്ച് അവർ പഠിക്കട്ടെ. ജീവിതത്തിലുടനീളം അനുഭവിക്കുന്ന അർത്ഥപൂർണ്ണമായ സന്തുഷ്ടിയാണ് കുട്ടികളുടെ വളർച്ചയും വികസനവും സാധ്യമാക്കുന്നത്. സർഗാത്മകവും സന്തോഷദായകവുമായ അന്തരീക്ഷമാണ് കുടുംബങ്ങളിൽ ഉണ്ടാകേണ്ടത്. 'കുട്ടികളെ നല്ലവരാക്കാൻ അവരെ സന്തുഷ്ടരാക്കുക ' എന്നാണ് ഓസ്കാർ വൈൽഡ് എന്ന ഐറിഷ് കവി പറയുന്നത്. സ്നേഹാനുഭവങ്ങൾ, സഹാനുഭൂതി, സ്നേഹ സ്പർശം, ആശ്വസിപ്പിക്കൽ, പ്രചോദിപ്പിക്കൽ, പരിഗണിക്കൽ, അഭിനന്ദിക്കൽ തുടങ്ങിയവ സന്തുഷ്ടി ജനിപ്പിക്കും. സന്തുഷ്ടിയുടെയും സന്തോഷത്തിന്റെയും മാനങ്ങളിൽ വ്യാപരിക്കാൻ കഴിയുന്ന സാഹചര്യം ബോധപൂർവ്വം സൃഷ്ടിച്ചെടുത്താൽ കുട്ടികളുടെ ഭാവിയും വ്യക്തിത്വവും ശോഭനമാകും.

കുട്ടികളെ മെരുക്കിയല്ല, ഇണക്കി വളർത്തുക .പ്രോത്സാഹനം, ലാളന, ശ്രദ്ധ, പരിഗണനന തോളിൽ തട്ടി ഒരു അഭിനന്ദനം, ഒരു പുഞ്ചിരി, നെറ്റിയിൽ ഒരു ചുംബനം, അർത്ഥവത്തായ നോട്ടം, ഇത് മതി കുട്ടികളെ ഇണക്കി വളർത്താൻ. അതുവഴി ആത്മാഭിമാനവും ആത്മവിശ്വാസം നേടി അവർ മിടുക്കരാകും.

*(അഡ്വ. ചാർളി പോൾ -8075789768, അഭിഭാഷകനും ട്രെയ്നറും മെന്ററുമായ ലേഖകൻ, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ വകുപ്പുകളുടെ പരിശീലകനാണ്.)*

# ഇൻഫോപാർക്ക് ഫുട്ബോൾ ടൂർണമെന്റ്: ഇ.വൈ യും ടി.സി.എസും ചാമ്പ്യമാർ




**കൊച്ചി:** ഇൻഫോപാർക്ക് കൊച്ചി തൃശൂർ, ചേർത്തല ക്യാമ്പസുകളിലെ ഐടി ജീവനക്കാർക്കായി സംഘടിപ്പിച്ച മൂന്നാമത് ഇൻഫോപാർക്ക് ഫുട്ബോൾ ടൂർണമെന്റിൽ പുരുഷ വിഭാഗത്തിൽ ഇ.വൈ യും വനിതാ വിഭാഗത്തിൽ ടി.സി.എസും ചാമ്പ്യമാരായി. ആവേശകരമായ ഫൈനൽ മത്സരത്തിൽ രണ്ടു ഗോളുകൾക്ക് എക്സ്പീരിയനെ പരാജയപ്പെടുത്തി ഡിഫൻഡിങ് ചാമ്പ്യന്മാരായ ഇ.വൈ പുരുഷ വിഭാഗത്തിൽ കിരീടം നിലനിർത്തി. വനിതകൾക്കായുള്ള ഫൈവ്സ് ഫുട്ബോൾ ടൂർണമെന്റിൽ ഇ.വൈക്കെതിരെ വിജയം കൈവരിച്ചുകൊണ്ട് ടി.സി.എസ് ചാമ്പ്യന്മാരായി. പുരുഷന്മാരുടെ ലൂസേഴ്സ് ഫൈനലിൽ ഗാഡ്ജിയോണിനെ പരാജയപ്പെടുത്തി ടി.സി.എസ് വിജയിച്ചപ്പോൾ, വനിതാ വിഭാഗം ലൂസേഴ്സ് ഫൈനലിൽ ഐക്യുവിഐഎയെ പരാജയപ്പെടുത്തി വിപ്രോ വിജയം സ്വന്തമാക്കി. കേരള ബ്ലാസ്റ്റേഴ്സ് താരം നിഹാൽ സുധീഷ്, കാൽപൈൻ ഫിനാൻസ് ആന്റ് അഡ്മിനിസ്ട്രേഷൻ ജനറൽ മാനേജർ ജോൺ മാത്യു, കോറൽ റീഫ് ഹോട്ടൽ ജനറൽ മാനേജർ റെമിൽ തുടങ്ങിയവർ ചേർന്ന് സമ്മാനങ്ങൾ വിതരണം ചെയ്തു.

കഴിഞ്ഞ ഇരുപത് വർഷമായി ഇൻഫോപാർക്കിൽ പ്രവർത്തിക്കുന്ന കാൽപൈൻ ഗ്രൂപ്പാണ് ടൂർണമെന്റ് സംഘടിപ്പിച്ചത്.

ഐടി മേഖലയിലെ ജോലി സമ്മർദ്ദങ്ങൾക്കിടയിൽ ജീവനക്കാരുടെ കായികക്ഷമതയും ഒത്തൊരുമയും വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കാൽപൈൻ ഗ്രൂപ്പ് വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു വരുന്നു. മാർച്ചിൽ ചെസ് ടൂർണമന്റും കഴിഞ്ഞ വർഷങ്ങളിലെ ക്രിക്കറ്റ് ടൂർണമന്റും കാൽപൈൻ ഗ്രൂപ്പാണ് സംഘടിപ്പിച്ചത്.

## റോയൽ എൻഫീൽഡ് ഹിമാലയൻ ഒഡിസി 22ാം പതിപ്പ് പ്രഖ്യാപിച്ചു

**കൊച്ചി:** റോയൽ എൻഫീൽഡ് 125ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ഐകോണിക് ഹിമാലയൻ ഒഡിസിയുടെ 22ാം പതിപ്പ് പ്രഖ്യാപിച്ചു. ഇതുവരെ നടന്നതിൽ ഏറ്റവും വലിയതും കൂടുതൽ ഉൾക്കൊള്ളുന്നതുമായ പതിപ്പിനായുള്ള രജിസ്ട്രേഷൻ ഇപ്പോൾ ആരംഭിച്ചിരിക്കുകയാണ്. ഒറിജിനൽ ഒഡിസി, എക്സ്പ്ലോർ സർക്യൂട്ട്, നുബ്രാ സർക്യൂട്ട്, കാർഗിൽ സർക്യൂട്ട് എന്നീ നാല് വ്യത്യസ്ത റൂട്ടുകളിലൂടെയാണ് ഇത്തവണ യാത്ര സംഘടിപ്പിക്കുന്നത്.

2026 ജൂൺ 25 മുതൽ ജൂലൈ 10 വരെ നടക്കുന്ന 16 ദിവസത്തെ 'ഹിമാലയൻ ഒഡിസി ഒറിജിനൽ' ചണ്ഡീഗഡിൽ നിന്ന് ആരംഭിച്ച് ഹിമാചൽ, സൻസ്കർ, ലഡാക്ക് മേഖലകളിലൂടെ സഞ്ചരിച്ച് വീണ്ടും ചണ്ഡീഗഡിൽ സമാപിക്കും.

പുതിയ തലമുറ റൈഡർമാരെ കൂടി ഉൾപ്പെടുത്തുന്നതിനായി യാത്രയുടെ ഫോർമാറ്റിൽ മാറ്റം വരുത്തിയതായി കമ്പനി അറിയിച്ചു.

# ജീവിതശൈലി മാറ്റങ്ങൾ കൊണ്ട് ഐ.ബി.ഡി നിയന്ത്രിക്കാമെന്ന് വിദഗ്ധർ



**കൊച്ചി:** ദീർഘകാല കുടൽ രോഗമായ ഇൻഫൽമേറ്ററി ബവൽ ഡിസീസ് (ഐ.ബി.ഡി) സംബന്ധിച്ച അവബോധവും രോഗികൾക്ക് ആത്മവിശ്വാസവും പകരുന്നതിനായി ലിസി ആശുപത്രിയിൽ ബോധവൽക്കരണ ശിൽപശാല സംഘടിപ്പിച്ചു.

ലോക ഐ.ബി.ഡി ദിനാചരണത്തിന്റെ ഭാഗമായി ലിസി ആശുപത്രി നടന്ന 'ഐ.ബി.ഡി ഇൻസൈറ്റ്' എന്ന പരിപാടിയിൽ 130ലധികം രോഗികളും കുടുംബാംഗങ്ങളും പങ്കെടുത്തു. മലയാള സിനിമ, ടെലിവിഷൻ താരം കുക്കു പരമേശ്വരൻ മുഖ്യാതിഥിയായി. ലിസി ആശുപത്രി ഡയറക്ടർ ഡോ. പോൾ കരേടൻ അധ്യക്ഷത വഹിച്ചു. ഗാസ്ട്രോ എന്ററോളജി വിഭാഗം മേധാവി ഡോ. മാത്യു ഫിലിപ്പ്, എൻഡോസ്കോപി വിഭാഗം മേധാവി ഡോ. പ്രകാശ് സക്കറിയാസ് എന്നിവർ സംസാരിച്ചു. മെഡിക്കൽ, സർജിക്കൽ ഗാസ്ട്രോഎന്ററോളജി വിഭാഗങ്ങളിലെ വിദഗ്ധരായ ഡോ. ഹാസിം അഹമ്മദ്, ഡോ. കിരൺ ജോസി, ഡോ. രമ്യ പൈ, ഡോ. അർജുൻ ഗുപ്ത, ഡോ. രാഹുൽ പുൽഭൂട്ട്ല, ഡോ. റോഷ്നി ഗോപിനാഥ്, ഡോ. ആന്റണി ജോസ്, ഡോ.അഗസ്റ്റീനോ ആന്റണി എന്നിവർ ശാസ്ത്രീയ സെഷനുകൾ നയിക്കുകയും രോഗികളുമായി നേരിട്ട് സംവദിച്ച് സംശയങ്ങൾക്കും ആശങ്കകൾക്കും മറുപടി നൽകി. രോഗത്തെക്കുറിച്ചുള്ള ശരിയായ അവബോധം, ചികിത്സ, ഭക്ഷണക്രമം, ജീവിതശൈലി മാറ്റങ്ങൾ എന്നിവയെക്കുറിച്ച് രോഗികൾക്കും കുടുംബാംഗങ്ങൾക്കുമുള്ള മാർഗനിർദേശങ്ങൾ ലിസി ഗാസ്ട്രോഎന്ററോളജി വിഭാഗം മേധാവി ഡോ. മാത്യു ഫിലിപ്പ് നൽകി. ഇതിനായി ദീർഘകാല പിന്തുണാ പദ്ധതികൾ ആശുപത്രി നൽകുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഐ.ബി.ഡി രോഗം നേരത്തേ കണ്ടെത്താനും രോഗത്തിന്റെ തീവ്രത വിലയിരുത്താനും ചികിത്സയുടെ ഫലം നിരീക്ഷിക്കാനും എൻഡോസ്കോപി പരിശോധനകൾക്ക് നിർണായക പങ്കുണ്ടെന്ന് എൻഡോസ്കോപി വിഭാഗം മേധാവി ഡോ. പ്രകാശ് സക്കറിയാസ് പറഞ്ഞു. ഐ.ബി.ഡി രോഗനിർണയം, എൻഡോസ്കോപി പരിശോധനകൾ, മരുന്നുകൾ, ശസ്ത്രക്രിയ, പ്രതിരോധ കുത്തിവയ്പ്പുകൾ, ഭക്ഷണക്രമം, വീട്ടിലെ പരിചരണം, കുട്ടികളിലെ ഐ.ബി.ഡി തുടങ്ങിയ വിഷയങ്ങളിൽ ശാസ്ത്ര സെഷനുകൾ നടന്നു.

## കെ.വി.വി.ഇ.എസ്: ഭാരവാഹികളെ തിരഞ്ഞെടുത്തു

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എളമക്കര യൂണിറ്റിന്റെ 2026-2028 വർഷത്തെ ഭാരവാഹികളായി എഡ്വേർഡ് ഫോസ്റ്റസ് (പ്രസിഡന്റ്), എസ്. മനോജ്കുമാർ (ജനറൽ സെക്രട്ടറി), പി. എ സഫറുള്ള (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു. എളമക്കര വ്യാപാര ഭവനിൽ നടന്ന യൂണിറ്റിന്റെ 42ാമത് വാർഷിക സമ്മേളനവും കെ.വി.വി.ഇ.എസ് മെമ്പേഴ്സ് വെൽഫെയർ സൊസൈറ്റി എളമക്കരയുടെ രണ്ടാമത് വാർഷിക പൊതുയോഗവും ഏകോപന സമിതി ജില്ലാ പ്രസിഡന്റ് പി.സി ജേക്കബ്ബ് ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി കെ ടി ജോയ് തിരഞ്ഞെടുപ്പ് നടപടികൾ നിയന്ത്രിച്ചു. ജില്ല ജനറൽ സെക്രട്ടറി സി. എസ് രാചന്ദ്രൻ, വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചക്യത്ത്, ചേരാനെല്ലൂർ- ചിറ്റൂർ യൂണിറ്റ് പ്രസിഡന്റ് അബ്ദുൾ ഷുക്കൂർ തുടങ്ങിയവർ സംസാരിച്ചു.



*കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എളമക്കര യൂണിറ്റിന്റെ 42ാമത് വാർഷിക സമ്മേളനവും കെ.വി.വി.ഇ.എസ് മെമ്പേഴ്സ് വെൽഫെയർ സൊസൈറ്റി എളമക്കരയുടെ രണ്ടാമത് വാർഷിക പൊതുയോഗവും ഏകോപന സമിതി ജില്ലാ പ്രസിഡന്റ് പി.സി ജേക്കബ്ബ് ഉദ്ഘാടനം ചെയ്യുന്നു. പി. എ സഫറുള്ള, എസ് മനോജ് കുമാർ, സി. എസ് രാമചന്ദ്രൻ, എഡ്വേർഡ് ഫോസ്റ്റസ്, കെ.ടി ജോയ് തുടങ്ങിയവർ മുൻനിരയിൽ.*



*കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എളമക്കര യൂണിറ്റ് ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ട എഡ്വേർഡ് ഫോസ്റ്റസ് (പ്രസിഡന്റ്), എസ്. മനോജ്കുമാർ (ജനറൽ സെക്രട്ടറി), പി. എ സഫറുള്ള ( ട്രഷറർ) എന്നിവർ.*


## ജെഎം ഫിനാൻഷ്യൽ 1000 കോടി രൂപയുടെ സമാന്തര വായ്പാ ഫണ്ട് പുറത്തിറക്കി

**കൊച്ചി:** ജെഎം ഫിനാൻഷ്യൽ അസെറ്റ് മാനേജ്മെന്റ് ലിമിറ്റഡ് രണ്ടാമത് ക്രെഡിറ്റ് ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് പുറത്തിറക്കി. 1000 കോടി രൂപയുടെ വായ്പാ ഫണ്ട് ജെഎം ഫിനാൻഷ്യൽ സെലക്ട് ക്രെഡിറ്റ് ഫണ്ട് (എസ് സി എഫ് 2) എന്ന പേരിലാണ് അറിയപ്പെടുക. പരമ്പരാഗത വായ്പാ സമ്പ്രദായങ്ങൾക്കപ്പുറം കൂടുതൽ സൗകര്യപ്രദമായ വായ്പകളിലേക്ക് ഇന്ത്യയിലെ സ്വകാര്യ വായ്പാ വിപണി അതിവേഗം മാറിക്കൊണ്ടിരിക്കയാണെന്ന് ജെഎം ഫിനാൻഷ്യൽ എംഡിയും സിഇഒയുമായ അമിതാബ് മൊഹന്തി നിരീക്ഷിച്ചു. മാറുന്ന മൂലധന ആവശ്യങ്ങൾക്കനുയോജ്യമായ സമാന്തര വായ്പാ പദ്ധതിയാണ് ജെഎം ഫിനാൻഷ്യൽ പുതിയ ക്രെഡിറ്റ് ഫണ്ടിലൂടെ മുന്നോട്ടുവെക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

## 'കച്ചൗഡി ഗലി' യുമായി കോക്ക് സ്റ്റുഡിയോ ഭാരത്

**കൊച്ചി:** കോക്ക് സ്റ്റുഡിയോ ഭാരത് സീസൺ നാലിന്റെ മൂന്നാമത്തെ റിലീസായ 'കച്ചൗഡി ഗലി' പുറത്തിറങ്ങി. ഒന്നാം ആംഗ്ലോബർമീസ് യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ കുടുംബവേദനയും നഷ്ടബോധവും പ്രമേയമാക്കുന്ന ഗാനത്തിൽ രേഖ ഭരദ്വാജ് മുഖ്യശബ്ദമായി എത്തുന്നു. ബ്രിട്ടീഷ് സൈന്യം ഭർത്താവിനെ യുദ്ധത്തിനായി റങ്കൂണിലേക്ക് കൊണ്ടുപോകുന്നത് കാണുന്ന സ്ത്രീയുടെ ദുഃഖമാണ് ഗാനത്തിന്റെ പ്രമേയം. ഭോജ്പുരി നാടോടി പാരമ്പര്യവും വാമൊഴി കഥപറച്ചിലും പുതുശൈലിയിൽ അവതരിപ്പിക്കുന്ന ഗാനത്തിന് ഉത്പൽ ഉദിത് സംഗീതം നൽകി. നഷ്ടപ്പെട്ട കഥകളും സംസ്കാരങ്ങളും പുതുതലമുറയിലേക്ക് എത്തിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ റിലീസെന്ന് കോക്ക് സ്റ്റുഡിയോ ഭാരത് അറിയിച്ചു.

# ക്രിസ്റ്റ്യാനോ റൊണാൾഡോ ഡ്രീം ടെക്നോളജിയുടെ ആഗോള അംബാസഡർ




**കൊച്ചി:** സ്മാർട്ട് ഹോം ഉപകരണ രംഗത്തെ പ്രമുഖ ബ്രാൻഡായ ഡ്രീം ടെക്നോളജി, ഫുട്ബോൾ ഇതിഹാസം ക്രിസ്റ്റ്യാനോ റൊണാൾഡോയെ പുതിയ ആഗോള ബ്രാൻഡ് അംബാസഡറായി പ്രഖ്യാപിച്ചു. 'ഡ്രീം ടു വിൻ' എന്ന പ്രമേയത്തിലൂടെയാണ് ഈ ആഗോള പങ്കാളിത്തം അവതരിപ്പിച്ചിരിക്കുന്നത്. മികവ്, അച്ചടക്കം, പൂർണത എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഈ സഹകരണം സ്മാർട്ട് ലിവിങ്ങിന്റെ പുതിയ സാധ്യതകൾ തുറക്കുമെന്നാണ് കമ്പനി വ്യക്തമാക്കുന്നത്. റൊണാൾഡോയുടെ ആഗോള സ്വാധീനവും ഡ്രീമിന്റെ സാങ്കേതിക മികവും ഒരുമിക്കുന്നതിലൂടെ ഉയർന്ന നിലവാരമുള്ള ജീവിതാനുഭവം ഉപഭോക്താക്കൾക്ക് നൽകുകയാണ് ലക്ഷ്യം. ആഗോള വിപണിയിലെ സാന്നിധ്യം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നിർണായക നീക്കമായും ഈ പങ്കാളിത്തത്തെ കമ്പനി വിശേഷിപ്പിച്ചു.

# പുതിയ ഹോണ്ട സിറ്റി അവതരിപ്പിച്ചു




**കൊച്ചി:** ഹോണ്ട സിറ്റിയുടെ പുതിയ പതിപ്പ് വിപണയിലിറക്കി വാഹന നിർമാതാക്കളായ ഹോണ്ട. പെട്രോൾ, ഹൈബ്രിഡ് പവർട്രെയിനുകളിലായി നാല് വേരിയന്റുകളിൽ എത്തിയിട്ടുള്ള വാഹനത്തിന് 11.99 ലക്ഷം രൂപ മുതലാണ് പ്രാരംഭവില.

1.5 ലിറ്റർ നാച്യുറലി ആസ്പിരേറ്റഡ് 4 സിലിൻഡർ പെട്രോൾ എൻജിൻ 121 പി എസ്. കരുത്തും 145 എൻ.എം. ടോർക്കും ഉത്പാദിപ്പിക്കും. 1.5 ലിറ്റർ സ്ട്രോങ് ഹൈബ്രിഡ് പവർട്രെയിൻ 126 എച്ച്.പി. പവറും 253 എൻ.എം. ടോർക്കും ഉത്പാദിപ്പിക്കും. ഹൈബ്രിഡ് പതിപ്പിന് 27.26 കിലോമീറ്ററാണ് കമ്പനി വാഗ്ദാനം ചെയ്യുന്ന ഇന്ധനക്ഷമത.

# എയർ ഇന്ത്യ എക്സ്പ്രസ് വിമാനങ്ങളിലും ഇനി മഹാരാജ പോയിന്റുകൾ




**കൊച്ചി:** എയർ ഇന്ത്യയുടെ വിമാനങ്ങൾക്ക് പുറമെ വിവിധ ഏഷ്യൻ രാജ്യങ്ങളിമ്പാടുമുള്ള 55ലധികം സ്ഥലങ്ങളിലേക്കുള്ള എയർ ഇന്ത്യ എക്സ്പ്രസ് വിമാനങ്ങളിലും മഹാരാജ പോയിന്റുകൾ നേടാനും റിഡീം ചെയ്യാനും സാധിക്കുന്ന മഹാരാജ ക്ലബ്ബ് ലോയൽറ്റി പ്രോഗ്രാമിന്റെ വിപുലീകരണം എയർ ഇന്ത്യ പ്രഖ്യാപിച്ചു. എയർ ഇന്ത്യ, എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റുകൾ, മൊബൈൽ ആപ്പുകൾ, പ്രധാന ട്രാവൽ ഏജന്റുമാർ എന്നിവയുൾപ്പെടെ വിവിധ പ്ലാറ്റ്ഫോമുകൾ വഴി എയർ ഇന്ത്യ എക്സ്പ്രസ് വിമാന സർവീസുകളിൽ ടിക്കറ്റുകൾ ബുക്ക് ചെയ്യുമ്പോൾ, മഹാരാജ ക്ലബ്ബ് അംഗങ്ങൾക്ക് ഉടൻതന്നെ മഹാരാജ പോയിന്റുകളും ടയർ പോയിന്റുകളും നേടാൻ സാധിക്കും. മഹാരാജ ക്ലബ്ബ് അംഗങ്ങൾ നടത്തുന്ന എയർ ഇന്ത്യ എക്സ്പ്രസ് യാത്രകൾ അവരുടെ ടയർ പ്രോഗ്രഷനും സാധ്യമാക്കും. ഇതിനായി അർഹതയുള്ള വിമാന യാത്രകൾ മിനിമം ഫ്ളൈറ്റ് ആവശ്യകതകളിലേക്കും ടിയർ പോയിന്റുകൾ സ്വരൂപിക്കുന്നതിലേക്കും പരിഗണിക്കും. ഇത് പ്രോഗ്രാമിന്റെ ഉയർന്ന ടിയറുകളിലേക്ക് അതിവേഗം എത്തിച്ചേരാൻ അംഗങ്ങളെ സഹായിക്കും. ടിക്കറ്റ് ബുക്ക് ചെയ്യുന്ന സമയത്ത് മഹാരാജ ക്ലബ്ബ് ഐഡി നൽകിക്കൊണ്ട് എല്ലാ എയർ ഇന്ത്യ എക്സ്പ്രസ് വിമാനങ്ങളിലും മഹാരാജ ക്ലബ്ബ് അംഗങ്ങൾക്ക് മഹാരാജ പോയിന്റുകൾ നേടാം. എയർ ഇന്ത്യ എക്സ്പ്രസ് വിമാനങ്ങൾക്കായുള്ള മഹാരാജ പോയിന്റുകൾ മുൻകാല പ്രാബല്യത്തോടെ ക്ലെയിം ചെയ്യാൻ കഴിയില്ല. എയർ ഇന്ത്യ, എയർ ഇന്ത്യ എക്സ്പ്രസ് പ്ലാറ്റ്ഫോമുകൾക്ക് പുറമെ, തിരഞ്ഞെടുത്ത ഓൺലൈൻ ട്രാവൽ പങ്കാളികൾ വഴിയുള്ള ബുക്കിംഗ് സമയത്തും അംഗങ്ങൾക്ക് തങ്ങളുടെ മഹാരാജ ക്ലബ്ബ് ഐഡി നൽകാവുന്നതാണ്. നിലവിലെ ഘട്ടത്തിൽ എയർപോർട്ട് കൗണ്ടറുകളിലോ കോൺടാക്റ്റ് സെന്ററുകളിലോ മഹാരാജ ക്ലബ്ബ് അംഗത്വ ഐഡി ചേർക്കുന്നതിനോ തിരുത്തുന്നതിനോ ഉള്ള സൗകര്യം ലഭ്യമല്ല. മുതിർന്ന പൗരർ, വിദ്യാർത്ഥികൾ, സായുധ സേനാ ഉദ്യോഗസ്ഥർ എന്നിവർക്കുള്ള പ്രത്യേക നിരക്കുകൾ ഉൾപ്പെടെയുള്ള ബുക്കിംഗുകൾക്ക് മഹാരാജ പോയിന്റ് അക്രൂവൽ ഫ്രെയിംവർക്ക് ബാധകമാണ്. എളുപ്പത്തിൽ മനസ്സിലാക്കാവുന്ന ഘടന ഉറപ്പാക്കുന്നതിനായി, അടിസ്ഥാന നിരക്കും ഇന്ധന സർചാർജും കണക്കാക്കിയായിരിക്കും റിവാർഡ് പോയിന്റുകൾ നൽകുക. എയർ ഇന്ത്യക്ക് സമാനമായ നിരക്കിലായിരിക്കും ഇത് കണക്കാക്കുന്നത്. എയർ ഇന്ത്യ എക്സ്പ്രസ് വിമാനങ്ങൾക്കായുള്ള മഹാരാജ പോയിന്റ് ഏൺ സ്ട്രക്ചർ പ്രകാരം ഓരോ 100 രൂപ ചെലവഴിക്കുമ്പോഴും ഇനി പറയുന്ന രീതിയിലായിരിക്കും പോയിന്റുകൾ ലഭിക്കുക. എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റും മൊബൈൽ ആപ്പും വഴി ചെയ്യുന്ന ബുക്കിംഗുകൾക്ക്, റെഡ് ടിയർ അംഗങ്ങൾക്ക് 8 പോയിന്റും സിൽവർ ടിയർ അംഗങ്ങൾക്ക് 10 പോയിന്റും ഗോൾഡ് ടിയർ അംഗങ്ങൾക്ക് 11 പോയിന്റും പ്ലാറ്റിനം ടിയർ അംഗങ്ങൾക്ക് 12 പോയിന്റും ലഭിക്കുന്നതാണ്.

എന്നാൽ, പരമ്പരാഗത ട്രാവൽ ഏജന്റുമാരും ഓൺലൈൻ ട്രാവൽ ഏജന്റുമാരും ഉൾപ്പെടെയുള്ള മറ്റ് ചാനലുകൾ വഴി ചെയ്യുന്ന ബുക്കിംഗുകൾക്ക് റെഡ് അംഗങ്ങൾക്ക് 6 പോയിന്റും സിൽവർ അംഗങ്ങൾക്ക് 8 പോയിന്റും ഗോൾഡ് അംഗങ്ങൾക്ക് 9 പോയിന്റും പ്ലാറ്റിനം അംഗങ്ങൾക്ക് 10 പോയിന്റും ലഭിക്കുന്നതാണ്. എയർ ഇന്ത്യയുടെ 'എ ഐ' ഡെസിഗ്നേറ്റർ കോഡുള്ളതും എന്നാൽ എയർ ഇന്ത്യ എക്സ്പ്രസ് സർവീസ് നടത്തുന്നതുമായ കോഡ്ഷെയർ ഫ്ളൈറ്റുകൾ എയർ ഇന്ത്യ വെബ്സൈറ്റിലൂടെയും മൊബൈൽ ആപ്പിലൂടെയും ബുക്ക് ചെയ്യുന്ന അംഗങ്ങൾക്ക് മാത്രമേ നിലവിൽ മഹാരാജ പോയിന്റുകൾ ടിക്കറ്റുകൾക്കായി റിഡീം ചെയ്യാൻ സാധിക്കുകയുള്ളൂ.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663